LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : ലക്ഷം വീട് ആരംഭിച്ച കാലത്ത് 100 വീടുകൾ തീർത്ത ഒരു പഞ്ചായത്താണ് എന്റേത്. ആ 100 വീടുകളിൽ 50 എണ്ണം ഇരട്ടവീടും 50 എണ്ണം ഒറ്റവീടുമാണ്. അതിന് ഗവൺമെന്റിൽ നിന്ന് സപ്ലൈ ചെയ്ത ഓടും തടിയും ഏറ്റവും മോശമായതാണ് അന്ന് കിട്ടിയത് ; ഓടാണെങ്കിൽ വേലിക്ക് വയ്ക്കുന്ന ഓട് ; അരിപ്പ് മാതിരിയാണ്. ഭിത്തിയല്ലാതെ ബാക്കിയെല്ലാം നഷ്ടപ്പെട്ടു, അതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോ ? അവിടെ പഞ്ചായത്തുകളോട് പറഞ്ഞാൽ നടക്കുകയില്ല.

ശ്രീ. പി. ജെ. ജോസഫ് : ഭവനനിർമ്മാണപദ്ധതികൾക്കാവശ്യമായ കെട്ടിടനിർമ്മാണ സാമഗ്രികൾ ഗുണനിലവാരമുള്ളത് ലഭ്യമാക്കുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന് ഒരു പദ്ധതി ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയും ഞാനുംകൂടി സ്വീറ്റ്സർലന്റിൽ പോയ അവസരത്തിൽ അവർക്കൊരു പ്രോജക്ട് കൊടുത്തു ; ഈ സ്കീമിന് സഹായം നല്കണം എന്നുപറഞ്ഞു. നാലു ദിവസം മുമ്പ് ഇവിടെ മീറ്റിംങ്ങുണ്ടായിരുന്നു. 20 കോടി രൂപ അവർ ഗ്രാന്റായി തന്നിരിക്കുകയാണ്. കെട്ടിടനിർമ്മാണവസ്തുക്കൾ നിർമ്മിക്കാനുള്ള ഒരു പ്രോജക്ടിന് 20 കോടി രൂപ ഗ്രാന്റുണ്ട്. കേരളത്തിലെ 62 ബ്ലോക്കുകളിലും മറ്റു പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ബിൽഡിംഗ് മെറ്റീരിയൽസ് ഉണ്ടാക്കുന്നതിനുള്ള ഓരോ സെന്റർ ആരംഭിക്കുന്നതാണ്. അവരുടെ ടെക്നോളജി കിട്ടിയിരിക്കുന്നത് ഓടിനു പകരമുള്ള ഏതാണ്ട് ഓടിന്റെ ഷേപ്പിലുള്ള സിമന്റ് കൊണ്ടുള്ള വളരെ നേർത്ത ഓട്. കാൽ ഇഞ്ച് കനമേയുള്ളൂ, പൊട്ടുകയില്ല. അത് ഏറ്റവും ഗുണനിലവാരമുള്ളതാണ്. നമുക്ക് ഇത്തരത്തിൽ വീട് നിർമ്മിക്കുമ്പോൾ ഓട് ആവശ്യത്തിന് തികയുകയില്ല. മാത്രമല്ല, തൊടുപുഴയിൽ, ഹൈറേഞ്ചിൽ, വയനാട്ടിലോ, ഇടുക്കിയിലോ ഇതുപോലെയുള്ള സ്ഥലങ്ങളിൽ ഒരു ഓടിന്റെ വിലയുടെ അത്രയും തന്നെ ട്രാൻസ്പോർട്ടേഷൻ ചാർജാകുന്നു. കെട്ടിടനിർമ്മാണവസ്തുക്കൾ അതാത് പ്രദേശത്ത് ഉണ്ടാക്കിയാൽ ഇതിന്റെ കോസ്റ്റ് പകുതിയായി കുറയും. കേരളത്തിലെ 62 ബ്ലോക്കുകളിൽ തീർച്ചയായും പിന്നെ പ്രധാനപ്പെട്ട കുറേ കേന്ദ്രങ്ങളിലും അടിയന്തിരമായി കെട്ടിടനിർമ്മാണവസ്തുക്കൾ ഉണ്ടാക്കാനുള്ള പദ്ധതിയാണ്. ഡോർ ഫ്രെയിംസ് ഉണ്ടാക്കാം. ചകിരിയുടെ ചോറിൽനിന്നും കയർ ഉണ്ടാക്കുന്ന ഒന്നാംതരം ടെക്നോളജി ഡെവലപ്പ് ചെയ്തിട്ടുണ്ട്. കുമരകത്ത് ഒരു മലയാളിയാണ് ഇതു ചെയ്തിട്ടുള്ളത്. അത് ടി.ബി.ആർ.എ. അംഗീകരിച്ചിരിക്കുന്നു. അത്തരം യൂണിറ്റുകൾക്ക് സഹായം കൊടുക്കാൻ 20 കോടി രൂപ ഗ്രാന്റായിട്ട് കിട്ടിയിരിക്കുകയാണ്. ഇതുപയോഗിച്ച് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും കെട്ടിടനിർമ്മാണ വസ്തുക്കൾ ഉണ്ടാക്കും. ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് പറഞ്ഞു, കുറച്ചു നാൾ കഴിയുമ്പോൾ മോശമായിപോകുന്നുവെന്ന്. അതുണ്ടാകാതിരിക്കാൻ ഇത് ആവശ്യമായിരിക്കും.....(ബഹളം).

മി. സ്പീക്കർ : ഒരു ചോദ്യമെടുത്തിട്ട് അരമണിക്കൂറായി. ഞാൻ ഒരു കാര്യംപറയാം, ഇനി വരുന്ന ചോദ്യങ്ങൾ ഒരു ചോദ്യത്തിന് ശരാശരി 10 മിനിട്ടാണ്. ഏത് ചോദ്യമായാലും, കാരണം 30 ചോദ്യം ഫ്ളോറിൽ വരാൻ വേണ്ടിവരുന്നതാണ്. രണ്ട് ചോദ്യം വന്നാൽ മതിയോ ?

മത്സ്യ വിപണന കേന്ദ്രങ്ങൾ

2 (*242) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു. എസ്. ശശി :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

890/2010.

(എ) സംസ്ഥാനത്ത് മത്സ്യവിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് മത്സ്യവിപണന കേന്ദ്രങ്ങൾ തുറക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര കേന്ദ്രങ്ങൾ തുറക്കാൻ ഉദ്ദേശിക്കുന്നു ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മത്സ്യ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) മത്സ്യവിപണന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

(1) ദേശീയ സഹകരണവികസന കോർപ്പറേഷന്റെ സഹായത്തോടെ 1998-'99 സാമ്പത്തിക വർഷത്തിൽ 80 മത്സ്യവിപണന ബൂത്തുകൾ അനുവദിച്ചിട്ടുണ്ട്.

(2) ദേശീയ സഹകരണവികസന കോർപ്പറേഷന്റെയും കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെയും സഹായത്തോടുകൂടി 1998-99 വർഷത്തിൽ 100 മത്സ്യവിപണന കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്.

(3) 1997-98 വർഷത്തിൽ വകകൊള്ളിച്ച 12 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി അനുസരിച്ച് തിരുവനന്തപുരം നഗരത്തിൽ 12 ബൂത്തുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(4) ഫ്രാഞ്ചൈസി വ്യവസ്ഥയിലും സംസ്ഥാനത്ത് പല ഭാഗങ്ങളിലും മത്സ്യ ബൂത്തുകൾ നടപ്പിലാക്കുന്നുണ്ട്.

(5) കൂടാതെ സംസ്ഥാനത്തെ ഒൻപത് കടലോരജില്ലകളിലും കോട്ടയം, പത്തനംതിട്ട എന്നീ രണ്ട് ഉൾനാടൻ ജില്ലകളിലുമുള്ള ചെറുകിട വിപണന കേന്ദ്രങ്ങളുടെ നവീകരണത്തിനും ശുചിയായ അന്തരീക്ഷത്തിൽ മത്സ്യവിപണനം നടത്തുന്നതിനും ഉതകുന്ന ഒരു പദ്ധതി മത്സ്യവകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. ഇതിനായി 1998-99-ൽ 60 ലക്ഷം രൂപയും 1999-2000 വർഷത്തിൽ 70 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(6) ശുചിയായ അന്തരീക്ഷത്തിൽ ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഫിഷ് ബൂത്തുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. ഇപ്രകാരമുള്ള 80 ബൂത്തുകൾ സ്ഥാപിക്കുന്നതിന് 1998-99-ൽ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്, 100 മത്സ്യവിപണനകേന്ദ്രങ്ങളും 80 മത്സ്യബൂത്തുകളും സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ തുറക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) തിരുവനന്തപുരം നഗരത്തിൽ 10 മത്സ്യബൂത്തുകൾ പ്രവർത്തിക്കുന്നുണ്ട്. സംയോജിത മത്സ്യ വികസനപദ്ധതിപ്രകാരം 50 മത്സ്യവിപണന കേന്ദ്രങ്ങൾ ഉടൻ അനുവദിക്കുന്നതിനുള്ള പ്രവർത്തനം അവസാനഘട്ടത്തിലാണ്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിപ്രകാരം ഇതുപോലെ ഉൾനാടൻ മേഖലയിൽ നാലും കടലോര മേഖലയിൽ പതിനാലും വിപണനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : 1998-99-ൽ 100 മത്സ്യവിപണന കേന്ദ്രങ്ങൾ അനുവദിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എത്രയെണ്ണം എന്നുള്ളത് വ്യക്തമാക്കാമോ ? അതുപോലെ നമ്മുടെ പഞ്ചായത്ത് മാർക്കറ്റുകളിൽ ഏറ്റവും വൃത്തിഹീനമായ ഒന്നാണ് മത്സ്യമാർക്കറ്റ്. മത്സ്യവ്യാപാരികൾ തന്നെ മത്സ്യങ്ങൾ മാർക്കറ്റിനകത്ത് വിൽക്കാതെ പലപ്പോഴും മാർക്കറ്റിനുവെളിയിൽ റോഡ് സൈഡിലായി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. അതുകൊണ്ട് റോഡും അതിന്റെ പരിസരവും കൂടുതൽ വൃത്തിഹീനമാകുന്നു. അതുകൊണ്ട് എൻ.സി.ഡി.സി. പോലുള്ള സാമ്പത്തിക ധനകാര്യ സ്ഥാപനങ്ങൾ സഹായിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കും ശുചിത്വമുള്ള വിപണനകേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ശുചിത്വമുള്ള മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അത് ഒരു സമയബന്ധിതപരിപാടിയായി തീർക്കുന്നതിനും ഒരു പ്രോജക്ട് തയ്യാറാക്കിക്കൊടുത്ത് ആവശ്യമായ സാമ്പത്തികസഹായം നേടാൻ ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, അതുസംബന്ധിച്ച് ആലോചിക്കാം. ഇപ്പോൾ എത്ര നടപ്പാക്കാൻ സാധിക്കുമെന്നുള്ളത് ഇപ്പോൾ പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഹാച്ചറികളിൽ ഉല്പാദിപ്പിക്കുന്ന ചെമ്മീൻകുഞ്ഞുങ്ങളുടെ ആരോഗ്യവും ഗുണമേന്മയും കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞുവരുന്നു എന്ന് വ്യാപകമായി കേൾക്കുന്നുണ്ട്. അതിന് വൈറസ് പോസിറ്റീവ് ആയ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതും വെള്ളത്തിന്റെ മലിനീകരണവും മറ്റ് പല സാങ്കേതിക കാരണങ്ങളും ഈ കൂട്ടത്തിൽ പറഞ്ഞു കേൾക്കുന്നുണ്ട്. അത് കാര്യമായി ഒന്ന് പഠിക്കുന്നതിനും ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം മെച്ചപ്പെട്ട നിലയിൽ കൊണ്ടുപോകുന്നതിനും ആവശ്യമായ സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ? ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഗവൺമെന്റ് വക വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും കൊടുത്തിട്ടുള്ള ചെമ്മീനിന് രോഗം ബാധിച്ചിട്ടില്ല. പുറത്തുനിന്നും സ്വകാര്യ വ്യക്തികളിൽ നിന്നും വരുത്തിയിട്ടുള്ള ചെമ്മീനിനാണ് അതിന്റെ തൊണ്ടിൽ ഒരു രോഗബാധയുണ്ടായിട്ടുള്ളത്. അത് പരക്കാതിരിക്കാനുള്ള നടപടി ഗവൺമെന്റ് എടുത്തിട്ടുണ്ട്.

ശ്രീ. യു. എസ്. ശശി : സർ, നമ്മുടെ സംസ്ഥാനത്ത് കൂടുതൽ മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സർക്കാർ ഉടമയിലുള്ള പൊയ്ക ഫിഷ് ഫാം നവീകരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരിക്കുന്ന ഒരു വിപണന കേന്ദ്രം പൊയ്കയിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, പൊയ്കയിൽ ഒരു മത്സ്യവളർത്തൽ കേന്ദ്രമുണ്ട്. വിപണനകാര്യം ഈ കൂട്ടത്തിൽപ്പെട്ടിട്ടില്ലെങ്കിൽ അത് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. യു. എസ്. ശശി : സർ, മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന ഹാച്ചറികളിൽ മലിന ജലം കടന്നുകൂടുന്നു. അതിന്റെ ഫലമായി മത്സ്യക്കുഞ്ഞുങ്ങളുടെ ആരോഗ്യവും ഗുണമേന്മയും കുറഞ്ഞുവരുന്നതായി ഗവേഷണങ്ങൾ പറയുന്നു. ഈ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, അത് എവിടെയാണെന്നുള്ള കാര്യം ചൂണ്ടിക്കാണിച്ചാൽ അതുസംബന്ധിച്ച് പരിശോധിച്ച് നടപടി എടുക്കാം.

ശ്രീ. ജോസ് ബേബി : സർ, നമ്മുടെ സംസ്ഥാനത്ത് പാൽ വിൽപനരംഗത്ത് മിൽമ ഏർപ്പെടുത്തിയിട്ടുള്ള ബൂത്തുകൾ ഇന്ന് സംസ്ഥാനവ്യാപകമായി നിലവിലുണ്ട്. മത്സ്യം, ഉണക്ക മത്സ്യം, മത്സ്യ അച്ചാർ തുടങ്ങിയവ വിൽക്കുന്ന ബൂത്തുകൾ അതുപോലെ സാർവത്രികമായി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? മന്ത്രി ഇവിടെ ഒരു ചോദ്യത്തിന് മറുപടിയായി പത്തനംതിട്ട തുടങ്ങിയുള്ള ഒന്നുരണ്ടു ജില്ലകളെപ്പറ്റി പറഞ്ഞു. പാലക്കാട് ജില്ലയിൽ കടലും കായലും ഇല്ല. അതുകൊണ്ട് ഇത്തരം ബൂത്തുകൾ പാലക്കാട് ജില്ലയിൽ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇത്തരം ബൂത്തുകൾ ക്ഷീരോൽപ്പാദക മാതൃകയിൽ തുടങ്ങുന്നതിന് തുക നൽകുന്നതിന് 3.12 ലക്ഷം രൂപ മത്സ്യഫെഡ് വിഹിതവും 27,000 രൂപ ഗുണഭോക്താക്കളുടെ വിഹിതവുമാണ്. 27,000 രൂപ ഗുണഭോക്താവ് അടച്ച് 7 കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ 50 ശതമാനം സബ്സിഡിയാണ്. കൂടുതൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടികൾ എടുക്കണമെന്നാണ് ഉദ്ദേശം.

ശ്രീ. ജോസ് ബേബി : സർ, മത്സ്യവിപണന കേന്ദ്രങ്ങളിൽ ആധുനികതരത്തിൽ ബൂത്തുകൾ കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ ഫ്രിഡ്ജ്, റഫ്രിജറേറ്റർ തുടങ്ങിയ സാധനങ്ങൾ കൊടുത്ത് ആ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ? ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് അത്തരം സഹായങ്ങളൊന്നും കൊടുക്കുന്നില്ല. അതിനു വേണ്ടി സാമ്പത്തിക സഹായം കൊടുക്കുന്ന വല്ല സ്കീമും നിലവിലുണ്ടോ ? ഇല്ലെങ്കിൽ അത്തരം സ്കീമുകൾ കൊടുക്കുന്നതിനാവശ്യമായ ചർച്ചകൾ നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇപ്പോൾ അതിനുള്ള ചില സംവിധാനങ്ങൾ ഉണ്ട്. മാർക്കറ്റിനോടനുബന്ധിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ചില സംവിധാനങ്ങളുണ്ട്. കുണ്ടറയിൽ അത്തരം ഒരു കേന്ദ്രം തുറക്കുകയുണ്ടായി. കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാം.

ശ്രി. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഫിഷ് മാർക്കറ്റിനും ഫിഷ് മാർക്കറ്റുകളുടെ നവീകരണത്തിനുംവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നും 9-ാം പദ്ധതിയിൽ തുക വല്ലതും ലഭിച്ചിട്ടുണ്ടോ ? എങ്കിൽ എത്ര തുക ലഭിച്ചു : അതിൽ എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, വേറെ ചോദ്യം ചോദിച്ചാലേ പറയാൻ പറ്റൂ.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, മത്സ്യം ഉപയോഗിക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള ഒരു ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. മത്സ്യത്തിന്റെ അമിതമായ വില, ആ രംഗത്ത് വൻകിടക്കാർ ചൂഷണം നടത്തുന്നതിന്റെ ഭാഗമായി സാധാരണക്കാർ വാങ്ങുന്ന മത്സ്യങ്ങൾക്കെല്ലാം വൻപിച്ച വിലക്കയറ്റമാണ്. ഈ വിലക്കയറ്റം കൊണ്ട് നല്ല മത്സ്യം സാധാരണക്കാർക്ക് ഉപയോഗിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം വന്നിട്ടുണ്ട്. ഇതുകൂടി കണക്കിലെടുത്ത് ചുരുങ്ങിയ വിലയ്ക്ക് മത്സ്യം ജനങ്ങൾക്ക് കിട്ടത്തക്കവിധത്തിൽ ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, മത്സ്യം ഗവൺമെന്റിന്റെ ഐസ് പ്ലാന്റുകളിൽ എത്തിച്ച് അവിടെനിന്നും സാധാരണക്കാരായ ആളുകൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ആണിത്. അതിന്റെ വിലയുടെ കാര്യത്തിൽ നമുക്ക് നിയന്ത്രിക്കാൻ പറ്റില്ല. കാരണം കൃഷിക്കാർ കൃഷി ചെയ്തുണ്ടാക്കുന്നതിന്റെ വില നമ്മൾ നിയന്ത്രിക്കാൻ നോക്കിയാൽ അത് പ്രശ്നമാകും. അതേസമയത്ത് മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ എല്ലാ സ്ഥലത്തും ഉണ്ടാകുന്ന മുറയ്ക്ക് ഇതിന് പരിഹാരം ഉണ്ടാക്കാൻ കഴിയും.

'ജനകീയ മത്സ്യക്കൃഷി പദ്ധതി'

3 (*243) ശ്രീ. എ. കെ. മണി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ജനകീയ മത്സ്യക്കൃഷി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി പ്രകാരം മത്സ്യക്കൃഷി നടത്തിയിട്ടുണ്ട് ;

(സി) എത്ര മത്സ്യം ഉൽപ്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്. 1997-98 മുതൽ ജനകീയ മത്സ്യക്കൃഷി പദ്ധതി നടപ്പാക്കി വരുന്നു.

(ബി) 1997-98-ൽ 3257 ഹെക്ടറിലും 1998-99-ൽ 6620 ഹെക്ടറിലും 1999-2000-ൽ നാളിതുവരെ 7931.16 ഹെക്ടർ ജലാശയങ്ങളിലും ഈ പദ്ധതി പ്രകാരം മത്സ്യക്കൃഷി നടത്തിയിട്ടുണ്ട്.

(സി) 1997-98-ൽ 6110 ടൺ ശുദ്ധജല മത്സ്യവും 300 ടൺ ആറ്റുകൊഞ്ചും 1300 ടൺ ചെമ്മീനും, 1998-99-ൽ 13750 ടൺ ശുദ്ധജല മത്സ്യവും 1000 ടൺ ആറ്റുകൊഞ്ചും 1125 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. നടപ്പുവർഷം 20.000 ടൺ ശുദ്ധജല മത്സ്യവും 2000 ടൺ ആറ്റുകൊഞ്ചും 2000 ടൺ ചെമ്മീനും ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. എം. മുരളി : സർ, ജനകീയ മത്സ്യക്കൃഷി പദ്ധതി 3 വർഷക്കാലമായി നടത്തി കൊണ്ടിരിക്കുന്നു. അത് ഏത് രീതിയിലാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് ; ഏത് ഏജൻസിയാണ് ജനകീയ മത്സ്യക്കൃഷിക്ക് നേതൃത്വം കൊടുക്കുന്നത് ; ആ പദ്ധതിക്ക് നേതൃത്വം കൊടുക്കുന്ന ചുമതല ത്രിതല പഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നടപ്പിലാക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനം എടുക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് പഞ്ചായത്തുകൾ വഴിയാണ്. പഞ്ചായത്തുകൾക്ക് ഗവൺമെന്റ് സഹായം നൽകി ഹാച്ചറികൾ ഉള്ള സ്ഥലത്തുനിന്ന് സൗജന്യമായി വിത്ത് വാങ്ങി അങ്ങനെ പഞ്ചായത്തുകൾ വഴി അവരാണ് കുളങ്ങളെല്ലാം തെരഞ്ഞെടുത്ത് നേതൃത്വം കൊടുക്കുന്നത്. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയിട്ടുള്ള കൃഷി ഡിപ്പാർട്ടുമെന്റിലെ

LIBRARY ARCHIVES Kerala Legislative Assembly